(ബി) ഇതിനകം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്ത് ബോട്ട് സർവ്വീസും ടൂറിസ്റ്റ് പാർക്കും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇപ്പോൾ പദ്ധതികളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ല. കാപ്പിൽ പ്രദേശത്തോട് ചേർന്നുള്ള പരവൂരിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ ഒരു ബീച്ച് റിസോർട്ടിന്റെ നിർമ്മാണം പൂർത്തിയായി വരുന്നുണ്ട്.

(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പ്രാരംഭ നടപടികൾ കൈക്കൊള്ളേണ്ടത്.

119 (119) ജടായുമംഗലം പാറ കേന്ദ്രീകരിച്ചു ടൂറിസം വികസനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ടൂറിസം വികസനത്തിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചടയമംഗലം ജടായുമംഗലം പാറ കേന്ദ്രീകരിച്ച് ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതി ജില്ലാ ടൂറിസം കൗൺസിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ ശുപാർശ സമർപ്പിക്കേണ്ടത്.

(ബി)മുതൽ (ഡി)വരെ ഉണ്ട്. 1,25,92.000/- രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതി കൊല്ലം ജില്ലാ ടൂറിസം കൗൺസിൽ ടൂറിസം വകുപ്പിനു സമർപ്പിച്ചിരുന്നു. ഒരു യാത്രീനിവാസിന്റെ നിർമ്മാണം, ലാന്റ് സ്കേപ്പിംഗ്, എൻട്രൻസ് ഗേറ്റ്, റിസപ്ഷൻ സെന്റർ, കോട്ടേജുകൾ, റസ്റ്റാറന്റ്, ടോയിലറ്റുകൾ തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുൻഗണനാക്രമത്തിൽ ചെയ്യേണ്ട കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന പുതുക്കിയ ശുപാർശകൾ സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിരിക്കയാണ്.

120 (120) അഭിഭാഷകന് ഫീസ് നൽകുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ മേൽത്തട്ട് വിഷയവുമായി സുപ്രീംകോടതിയിൽ കേസ്സ് വാദിക്കുവാൻ ഏത് അഭിഭാഷകനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അഭിഭാഷകന്റെ ഫീസ് നിശ്ചിത സമയത്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേരള സർക്കാരിൽ നിന്നും പ്രസ്തുത അഭിഭാഷകന്റെ പേരിൽ നൽകിയതായി പറയുന്ന തുകയ്ക്കുള്ള ഡി.ഡി.കൾ അദ്ദേഹത്തിന്റെ കൈവശമെത്തിച്ചേർന്നിട്ടില്ലെന്ന വിവാദം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എഫ്.എസ്. നരിമാൻ, സീനിയർ അഡ്വ. ശ്രീ. സുഭാഷ് ശർമ്മ, ശ്രീ. ഇ.എം.എസ്.ആനം അഡ്വക്കേറ്റ്സ് എന്നിവരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

(ബി)&(സി) 10.10.95 ലെ ജി.ഒ (ആർ.ടി)95/നിയമപ്രകാരം അഡ്വക്കേറ്റ് ഫീസിനത്തിൽ ശ്രീ. എഫ്.എസ്. നരിമാന് 2,25,000 രൂപയും, അഡ്വ. ശ്രീ. സുഭാഷ് ശർമ്മയ്ക്ക് 30,000 രൂപയും അഡ്വ.ശ്രീ.ഇ.എം.എസ് ആനത്തിന് 40,000 രൂപയും നൽകുന്നതിനുവേണ്ടി 2,95,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (നംപർ. 985284 തീയതി-12.10.95) ശ്രീ.ഇ.എം.എസ്.ആനം, അഡ്വക്കേറ്റ് ലാ ചേംബേഴ്സ്, സുപ്രിം കോടതി. ന്യൂഡൽഹി-110001 എന്ന വിലാസത്തിൽ 12.10.95-ൽ രജിസ്റ്റേർഡ് പോസ്റ്റായി അയച്ചിരുന്നു.

3.2.96 ലെ ജി.ഒ.(ആർ.ടി) 166/96/നിയമം പ്രകാരം അഡ്വ. ശ്രീ. എഫ്.എസ്. നരിമാന് 77,000 രൂപയും, അഡ്വ. ശ്രീ.സുഭാഷ് ശർമ്മക്ക് 7,500രൂപയും നൽകുന്നതിന് വേണ്ടി 77,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 985762 തീയതി 27.2.96) 7500 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 985761 തീയതി 27.2.1996) അഡ്വ. ശ്രീ.എഫ്.എസ്. നരിമാന്റെ പേരിൽ 29.2.96 ൽ അയച്ചിരുന്നു.

19.4.96 ലെ ജി.ഒ.(ആർ.ടി) 449/96/നിയമം പ്രകാരം അഡ്വ. ശ്രീ. എഫ്. എസ്. നരിമാന് 1,76,000 രൂപയും, അഡ്വ. ശ്രീ. സുഭാഷ് ശർമ്മയ്ക്ക് 30,000 രൂപയും നൽകുന്നതിനുവേണ്ടി 1,76,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 660303 തീയതി-19.4.96) 30,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നമ്പർ 66304 തീയതി-19-4-96) അഡ്വക്കേറ്റ് ജനറൽ ആഫിസിലെ സെക്ഷനാഫീസറായ ശ്രീ. ഡി.എ. രമാകാന്തൻ 19.4.96 ൽ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) പത്രറിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അഭിഭാഷകനിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(ഇ)& (എഫ്) അന്വേഷണം നടത്തി റിപ്പോർട്ടു നൽകുവാൻ നിയമ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

121 (121) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റ് നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly